(സി) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും മുന്തിയയിനം കശുമാവിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഇക്കാര്യത്തിന് ഒരു മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു. ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമുമായി ബന്ധപ്പെട്ട് കൊല്ലത്ത് ഒരു കാഷ്യൂ ഇൻഡസ്ട്രിയൽ ക്ളസ്റ്റർ-ഒരു റിസർച്ച് സെന്റർ ഉൾപ്പെടെ തുടങ്ങുന്നതിനുള്ള നിർദ്ദേശം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കാപ്പക്സ് സമർപ്പിച്ചിട്ടുണ്ട്.

തോട്ടണ്ടി ഇറക്കുമതി

115 [1297] ശ്രീ. ഡി. സുഗതൻ:

" എ. പി. അനിൽകുമാർ:

" കെ. സി. ജോസഫ്:

ശ്രീമതി രാധാരാഘവൻ:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തു;

(ബി) എവിടെ നിന്നെല്ലാമാണ് ഇറക്കുമതി ചെയ്തത്;

(സി) ഇറക്കുമതി ചെയ്ത കശുവണ്ടി ആർക്കെല്ലാം എത്ര വീതം അലോട്ട് ചെയ്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷൻ 2003-04-ൽ 2422.204 മെട്രിക് ടൺ തോട്ടണ്ടിയും കാപ്പെക്സ് 1374 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്തു.

(ബി) ഗിനിബസാവോ, ഐവറികോസ്റ്റ് എന്നീ രാജ്യങ്ങളിൽ നിന്ന് കശുവണ്ടി വികസന കോർപ്പറേഷനും, ഐവറികോസ്റ്റ്, ടാൻസാനിയാ എന്നിവടങ്ങളിൽ നിന്ന് കാപ്പെക്സും തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്.

(സി) പ്രത്യേകമായി അലോട്ട്മെന്റ് നൽകിയിട്ടില്ല. എന്നാൽ അതാത് സ്ഥാപനങ്ങൾ ആവശ്യവും ലഭ്യതയുമനുസരിച്ച് ഇറക്കുമതി നടത്തുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly